# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3690** **20-6-2018 - ൽ മറുപടിയ്ക്ക്**

**ലീഗൽ മെട്രോളജി വകുപ്പിൽ ലൈറ്റ് ഡ്യൂട്ടി വെഹിക്കിൾ ഡ്രൈവർ നിയമനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എം. വിൻസെന്റ്:** | | **ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** | |
| (എ) | ലീഗൽ മെട്രോളജി വകുപ്പിന് സ്വന്തമായി എത്ര ലൈറ്റ് ഡ്യൂട്ടി വെഹിക്കിൾ ഉണ്ടെന്നും ഇതിനായി എത്ര ഡ്രൈവർ തസ്തിക ഉണ്ടെന്നും വ്യക്തമാക്കുമോ; | (എ) | 42 ലൈറ്റ് ഡ്യൂട്ടി വെഹിക്കിളുകളും 32 ഡ്രൈവർ തസ്തികകളും ഉണ്ട്. |
| (ബി) | വകുപ്പിൽ സ്ഥിരവും താൽകാലികവുമായ എത്ര ലൈറ്റ് ഡ്യൂട്ടി വെഹിക്കിൾ ഡ്രൈവർ ജോലി ചെയ്യുന്നുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | (ബി) | 29 സ്ഥിരം ഡ്രൈവർമാരും 13 താല്ക്കാലിക ഡ്രൈവർമാരും ജോലി ചെയ്യുന്നുണ്ട്. |
| (സി) | ഒരു വാഹനം അനുവദിക്കുമ്പോൾ ഒരു ഡ്രൈവർ തസ്തിക അനുവദിക്കണമെന്ന് ഉത്തരവ് നിലവിലുള്ളപ്പോൾ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ ഒഴിവാക്കി പി.എസ്.സി ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ? | (സി) | 2016-17 സാമ്പത്തിക വർഷം വകുപ്പിന് അനുവദിച്ച 14 വാഹനങ്ങൾക്ക് ഡ്രൈവർ തസ്തികകൾ അനുവദിച്ചിട്ടില്ല. തസ്തിക അനുവദിക്കുന്ന മുറയ്ക്ക് പി.എസ്.സി മുഖാന്തിരം നിയമനം നടത്താൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ